# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ഓഗസ്റ്റ് 22 ചൊവ്വ 2023

Volume: 03, Issue: 10

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# ദുരിതത്തിന്റെ അഞ്ചാണ്ട്

- മാഞ്ചോട് പാലം പുനർനിർമിക്കാൻ നടപടിയായില്ല
- ദുരിതത്തിലായി സ്കൂൾ വിദ്യാർത്ഥികൾ, ക്ഷീരകർഷകർ തുടങ്ങിയ മാഞ്ചോട് നിവാസികൾ
- കരിക്കോട്ടക്കരിയിലേക്കുള്ള പ്രധാന ആശ്രയമായിരുന്നു പാലം.

അഞ്ജന വിൻസന്റ്



മാഞ്ചോട് പാലം പ്രളയത്തിനു മുൻപ്



തകർന്ന പാലം നിലനിന്നിരുന്ന സ്ഥലം



മാഞ്ചോട് പാലം വിദഗ്ധസംഘം സന്ദർശിക്കുന്നു

2023

## എവിടെ പാലം?

***"ഇവിടെ ഞങ്ങൾക്ക് ഒരു പാലം ഉണ്ടായിരുന്നു. നൂറുകണക്കിന് ആളുകൾ ഉപയോഗിച്ചിരുന്ന ഒരു പാലം. രണ്ടു പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചിരുന്ന പാലം. ആ പാലം തകർന്നിട്ട് അഞ്ചുവർഷം തികയുകയാണ്. ഇനിയും എത്രനാൾ കാക്കണം ഞങ്ങൾ? ആലോചിക്കുക; മാഞ്ചോട് നിവാസികൾക്ക് വേണ്ടി."***

2018ലെ പ്രളയത്തിൽ തകർന്ന മാഞ്ചോട് പാലം വർഷങ്ങളായിട്ടും പുനർനിർമിക്കാതായതോടെ സമീപവാസികൾ കടുത്ത യാത്രാ ദുരിതത്തിൽ. അയ്യൻകുന്ന് ആറളം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായിട്ടും പുനർനിർമിക്കാനുള്ള യാതൊരു നടപടികളും അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല എന്നതാണ് ആക്ഷേപം.

വെമ്പുഴക്ക് കുറുകെ മാഞ്ചോട്ടിൽ നിർമിച്ചിരുന്ന പാലം തകർന്നപ്പോൾ സൈന്യവും നാട്ടുകാരും ചേർന്ന് ഒരു താൽക്കാലിക നടപ്പാലം ഒരുക്കിയിരുന്നു. അതും നശിച്ചതോടെയാണ് നാട്ടുകാരുടെ യാത്രാക്ലേശം രൂക്ഷമായത്. പുഴയിൽ നീരൊഴുക്ക് വർദ്ധിച്ചതോടെ അത്യാവശ്യക്കാർക്ക് കിലോമീറ്ററുകൾ സഞ്ചരിക്കേണ്ട അവസ്ഥയാണ്.

പാലം ഇല്ലാതായതോടെ ആറളം പഞ്ചായത്തിലെ മാഞ്ചോടു നിവാസികൾക്കാണ് കടുത്ത ദുരിതം. ഈ പ്രദേശത്തുകാർ സ്കൂൾ, ദേവാലയം, ബാങ്ക്, പൊതു ഗതാഗതം തുടങ്ങിയ ആവശ്യങ്ങൾക്ക് പ്രധാനമായും ആശ്രയിക്കുന്നത് അയ്യൻകുന്ന് പഞ്ചായത്തിലെ കരിക്കോട്ടക്കരി ഉൾപ്പെടെയുള്ള സ്ഥലങ്ങളെയാണ്. നിരവധി ക്ഷീരകർഷകർ പുഴയിൽ വെള്ളം ഉയർന്നതോടെ കിലോമീറ്ററുകൾ യാത്ര ചെയ്താണ് പുഴയ്ക്ക് മറുകരെയുള്ള ക്ഷീരോൽപാദക സഹകരണ സംഘത്തിൽ എത്തുന്നത്. മരോട്ടിച്ചോട്ടിൽ ചെറിയ പാലം ഉണ്ടെങ്കിലും വാഹനങ്ങൾക്ക് കടന്നു പോകാൻ സാധിക്കില്ല. മഴക്കാലമായതോടെ ഏഴു കിലോമീറ്റർ അധികം സഞ്ചരിച്ചാണ് പ്രദേശത്തുള്ളവർ പള്ളിയിലും, സ്കൂളിലും എത്തുന്നത്.

പുതിയ പാലത്തിനായി രണ്ട് കോടി രൂപ അനുവദിച്ചെങ്കിലും നാളിതുവരെയായി യാതൊരു നടപടികളും ആരംഭിച്ചിട്ടില്ല എന്നാണ് തദ്ദേശവാസികളുടെ പരാതി.

സ്വകാര്യ വ്യക്തിയുടെ പറമ്പിൽ താൽക്കാലിക പാലം നിർമിച്ചിട്ടുണ്ടെങ്കിലും രാത്രികാലങ്ങളിൽ അതുവഴിയുള്ള സഞ്ചാരം ബുദ്ധിമുട്ടേറിയതിനാൽ പാലം നിലനിന്നിരുന്ന സ്ഥലത്ത് തന്നെ പഞ്ചായത്ത് ഇടപെട്ട് ഒരു താത്കാലിക പാലം നിർമിച്ചു നൽകണമെന്നാണ് നാട്ടുകാരുടെ ആവശ്യം


കെ പി രാജേഷ്, ആറളം പഞ്ചായത്ത് പ്രസിഡണ്ട്

"റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി പാലത്തിനായി രണ്ടുകോടി രൂപ അനുവദിച്ചിരുന്നു. സോയിൽ ടെസ്റ്റിംഗും, മറ്റു ഡീറ്റെയിൽ എസ്റ്റിമേറ്റും എടുത്തപ്പോൾ 3.10 കോടി രൂപ ചെലവാകുമെന്ന് വ്യക്തമായി. അധികം വരുന്ന തുക ലഭ്യമാക്കാൻ സർക്കാർ അനുമതിക്കായി മാർച്ച് 14 ന് ഫയൽ വീണ്ടും അയച്ചിരിക്കുകയാണ്."


ജോസഫ് നടുത്തോട്ടത്തിൽ, മുൻ എടപ്പുഴ വാർഡ് മെമ്പർ

"2018ലെ ഉരുൾപൊട്ടലിൽ തകർന്ന പാലമാണിത്. ഈ പാലത്തെ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ നിർമാണ പ്രവർത്തികൾ ഇനിയും ആരംഭിച്ചിട്ടില്ല. ക്ഷീരകർഷകർക്കും സ്കൂൾ കുട്ടികൾക്കുമാണ് ഏറെ ദുരിതം. പാലം ഇല്ലാത്തത് പ്രദേശവാസികളെ ഏറെ ദുരിതത്തിലാഴ്ത്തുന്നുണ്ട്."


ജാസിയ ബിട്ടൻ, പ്രദേശവാസി

"ഇവിടെ ഞങ്ങൾക്ക് ഒരു പാലം ഉണ്ടായിരുന്നു. നൂറുകണക്കിന് ആളുകൾ ഉപയോഗിച്ചിരുന്ന ഒരു പാലം. മുന്നൂറോളം കുടുംബങ്ങൾ ഈ പ്രദേശത്ത് താമസിക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചുവർഷമായി ഞങ്ങൾ ദുരിതം അനുഭവിക്കുകയാണ്. ഈ ക്ലേശത്തിന് ഉടൻ തന്നെ ഒരു പരിഹാരം കാണണം."

# അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ കർഷക ദിനാഘോഷം

ഷഫ്‌ന ഷെറിൻ അയ്യൂബ്

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക ദിനം ആഘോഷിച്ചു. ആഘോഷത്തിന്റെ ഭാഗമായി വാർഡ് തലങ്ങളിൽ നിന്നും വിവിധ വിഭാഗങ്ങളിലായി തിരഞ്ഞെടുക്കപ്പെട്ട കർഷകരെ ആദരിച്ചു. അങ്ങാടിക്കടവ് ഗ്രാമപഞ്ചാത്ത് ഹാളിൽ വച്ച് നടന്ന ചടങ്ങ് ജില്ല പഞ്ചായത്ത് അംഗം ലിസി ജോസഫ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിന് ശേഷം 'ജൈവ കൃഷി ജീവ കൃഷി' എന്ന വിഷയത്തിൽ നിർമ്മലഗിരി കോളേജ് റിട്ടയർ പ്രിൻസിപ്പലും കർഷകനുമായ ജോസ്‌ലെറ്റ് മാത്യു ക്ലാസ് നടത്തി. കർഷക ദിനാഘോഷത്തിന്റെ ഭാഗമായി അയ്യൻകുന്ന് കൃഷിഭവൻ പരിധിയിൽ നൂറോളം കൃഷിയിടങ്ങളിൽ പുതുതായി കൃഷി ആരംഭിച്ചു.


പഞ്ചായത്ത് ഹാളിൽ വച്ച് നടന്ന കർഷകദിനാഘോഷത്തിൽ നിന്ന്

കർഷക ദിനത്തോടനുബന്ധിച്ച് വിവിധ വിഭാഗങ്ങളിലായി ഏഴോളം കർഷകരെ ആദരിച്ചു. മുതിർന്ന കർഷകനുള്ള പ്രത്യേക ആദരം കരിക്കോട്ടക്കരി സ്വദേശി മാത്യു ഈന്തുങ്കൽ ഏറ്റുവാങ്ങി. കൃഷിയിൽ അദ്ദേഹം നടത്തിയിട്ടുള്ള സമഗ്രവും സാന്ദ്രവുമായ പ്രവർത്തനങ്ങൾ പരിഗണിച്ചായിരുന്നു അവാർഡ്. മികച്ച കർഷകൻ ജസ്റ്റിൻ കെ മാത്യു കുറ്റാരപ്പിള്ളിൽ, മികച്ച വനിത കർഷക ത്രേസ്യാമ്മ ജെയിംസ് പുത്തൻകുളം, മികച്ച കേര കർഷകൻ ജെയിംസ് കെ സി കൂറ്റനാൽ, മികച്ച പട്ടിക ജാതി പട്ടിക വർഗ്ഗ കർഷക ലളിത രാമചന്ദ്രൻ, മികച്ച കർഷക തൊഴിലാളി രഘുനാഥൻ നിരങ്ങൻപാറയിൽ, മികച്ച വിദ്യാർത്ഥി കർഷകൻ ജോയൽ ബിനു തോപ്പിൽ എന്നിവരെയും ആദരിച്ചു.

'എന്റെ പിതാവ് ഒരു കർഷകനായിരുന്നു. അതുകൊണ്ട് തന്നെ കൃഷിയിൽ ചെറുപ്പം മുതൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഇന്നും അത് തുടർന്ന് പോവാൻ കഴിയുന്നതിൽ വളരെ അധികം സന്തോഷമുണ്ട്'. മുതിർന്ന കർഷകനായ മാത്യു ഈന്തുങ്കൽ പറഞ്ഞു.

സമ്മേളനത്തിന് ശേഷം ജോസ്‌ലെറ്റ് മാത്യുവിന്റെ നേതൃത്വത്തിൽ നടന്ന ക്ലാസ്സിൽ കൃഷിയുടെ പ്രാധാന്യത്തെ കുറിച്ച് സംസാരിച്ചു. 'ഇന്നത്തെ തലമുറയ്ക്ക് കൃഷി എന്നത് മണ്ണിൽ നിന്ന് ഭക്ഷണം ഉത്പാദിപ്പിക്കുന്ന ഒരു പ്രക്രിയ മാത്രമാണ്. എന്നാൽ നമ്മുടെ മുൻ തലമുറ കൃഷിയെ ഒരു സംസ്കാരമായാണ് കൊണ്ട് നടന്നത്. വായ്ക്ക് രുചിയും വയറിന് കേടും വരുത്തുന്ന ഭക്ഷണത്തോടാണ് ഇന്നത്തെ തലമുറയ്ക്ക് പ്രിയം. മോണോ സോഡിയം ഗ്ലൂട്ടാമേറ്റ് ചേർക്കാതെയുള്ള ഭക്ഷണം അവർക്ക് രുചികരമായി തോന്നുന്നില്ല. എന്റെ പി എച് ഡി യുടെ ഭാഗമായി ഞാൻ കണ്ടെത്തിയത് എം എസ് ജി യുടെ ഭീകരമായ പാർശ്വഫലങ്ങൾ ആണ് ' ജോസ്‌ലെറ്റ് മാത്യു പറഞ്ഞു.

അയ്യൻകുന്ന് കൃഷിഭവൻ കൃഷി ഓഫീസർ ടി ജിംസി മരിയ, പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ, വൈസ് പ്രസിഡന്റ് ബീന റോജസ്, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ മിനി വിശ്വനാഥൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സിന്ധു ബെന്നി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ ജോളി ജോൺ, വി ശോഭ, വാർഡ് മെമ്പർമാരായ വി കെ ജോസഫ്, ജോസ് എ വൺ, കാർഷിക വികസന സമിതി അംഗം മാത്യു ചാത്തമ്പടത്തിൽ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

### എന്താണ് എം എസ് ജി ?

ഭക്ഷണപദാർത്ഥങ്ങളിൽ പ്രത്യേകിച്ച് മാംസം പാചകം ചെയ്യുമ്പോൾ രുചിയും മണവും കൂട്ടുന്നതിനായ് ഉപയോഗിക്കുന്ന ഒരു രാസവസ്തുവാണ് മോണോ സോഡിയം ഗ്ലൂട്ടാമേറ്റ് (അജിനോമോട്ടോ). അജിനോമോട്ടോ എന്നത് മോണോ സോഡിയം ഗ്ലൂട്ടാമേറ്റ് (എം എസ് ജി) എന്ന വസ്തുവിന്റെ ഒരു ബ്രാൻഡ് നെയിം മാത്രമാണ്. അജിനോമോട്ടോ ചെറിയ അളവിലാണെങ്കിലും അടുപ്പിച്ച് കഴിച്ചാൽ തലച്ചോറിന് തകരാറുണ്ടാകും. തലവേദന, അമിതമായി വിയർക്കുക, മനംപിരട്ടൽ എന്നിവയും അജിനോമോട്ടോ കഴിച്ചാലുള്ള പാർശ്വഫലങ്ങളാണ്. നെഞ്ചുവേദനയ്ക്കും ശ്വസന പ്രശ്നങ്ങൾക്കും അജിനോമോട്ടോ വഴിവയ്ക്കും. ജലദോഷം, ഉറക്കം തൂങ്ങുക എന്നിവ ഇത് കഴിക്കുന്നവരിൽ കാണും. വയറെരിച്ചിലിനും കാരണമാകും.

# എഡിറ്റോറിയൽ

## പ്രതീക്ഷപ്പൂക്കൾ വിരിയട്ടെ

ഏതു പതനത്തിൽ നിന്നും തിരിച്ചുവരവുണ്ടെന്ന ആത്മവിശ്വാസം പകരാൻ, മലയാളിക്ക് ഏറ്റവും പരിചിതമായ കഥയിലെ സ്നേഹരാജാവ് എത്തുകയാണ്. കോവിഡും പ്രളയവും പരീക്ഷണങ്ങളുമായി വന്നപ്പോഴും തളരാത്ത കരുത്തുമായി മുന്നോട്ട് പോയവരാണ് കേരളജനത. എത്ര നീണ്ട ഇരുട്ടിന് ശേഷവും വെളിച്ചം വന്നെത്തുമെന്നുള്ളതാണ് മാവേലിക്കഥയുടെ കാലാതീത സന്ദേശം.

എല്ലാം മറന്ന് ഓണം ഉണ്ണണമെന്ന് പറയുമ്പോഴും അങ്ങനെ എല്ലാം കണ്ടില്ലെന്ന് വയ്ക്കാൻ കഴിയുമോ? പ്രകൃതിദുരന്തങ്ങളും മഹാമാരികളും മനുഷ്യന് തടയാൻ പറ്റില്ലെങ്കിലും ജനജീവിതം ദുസ്സഹമാക്കുന്ന സർക്കാർ നയങ്ങളും അഴിമതിയും കേരളജനതയെ തകർക്കുകയാണ്. പുനർനിർമിക്കാത്ത മാഞ്ചോട് പാലവും പൊടുന്നനെയുള്ള കുടുംബശ്രീ ജനകീയ ഹോട്ടലുകളുടെ സബ്സിഡി നിർത്തലാക്കിയതും ഇതിന് വെറും ഉദാഹരണങ്ങളാണ്.

ജനജീവിതങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ സർക്കാരും അധികൃതരും തോറ്റ് പോവുമ്പോൾ തോറ്റ് പോവുന്നത് സമൂഹം തന്നെയാണ്. വികസിത ജനതയെന്ന് കൊട്ടിഘോഷിക്കുന്ന മലയാളികൾ പലരും എല്ലാ വിധ അനുഗ്രഹങ്ങളും അനുഭവിക്കുന്നവരാണ് എന്നുള്ളതാണ് സത്യം. എന്നാൽ അടിസ്ഥാന സൗകര്യങ്ങൾക്ക് പോലും കഷ്ടത അനുഭവിക്കുന്ന രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ശ്രമിക്കുന്ന സാധാരണക്കാരൻ ഇന്നും കേൾക്കാതെ പോകുന്നു.

ആഘോഷങ്ങൾ എപ്പോഴും അതിന്റെ പൂർണ്ണതയിലെത്തുന്നത് ഓരോ ചെറിയ കാര്യങ്ങളും അധികാരികൾ ജനങ്ങൾക്ക് ചെയ്തുകൊടുക്കുമ്പോഴും അത് ജനങ്ങൾ ചെയ്യുമ്പോഴുമാണ്. പക്ഷെ ഇതൊന്നും നടക്കാതെ ആഘോഷങ്ങൾ മാത്രമാവുമ്പോൾ അധികാരികൾ ഒരിക്കലും ജനങ്ങൾക്ക് നല്ല മാതൃകയോ ജനങ്ങളുടെ ദുരിതത്തിന് പരിഹാരമോ ആവുന്നില്ല.

കാണം വിറ്റും ഓണം ഉണ്ണണമെന്ന് ചിന്തിക്കുന്ന മലയാളികളും അത് നടപ്പിലാക്കാൻ അധിക കടമെടുക്കുന്ന സർക്കാരും കാണാതെ പോവുന്ന അല്ലെങ്കിൽ കണ്ടില്ലെന്ന് നടിക്കുന്ന ഒരുപാട് കാര്യങ്ങളുണ്ട്.

പ്രതീക്ഷയുടെ കാലമായ ഈ ഓണത്തിന്, എല്ലാം മറന്ന് ഓണമുണ്ണാതെ എല്ലാം ഓർത്ത് നമുക്ക് ഓണമുണ്ണാം. എന്നുമീ മണ്ണിൽ നന്മയും കരുണയും നൂറുമേനി വിളയാനുള്ള പ്രാർത്ഥനകളോടെ മലയാളത്തിന്റെ മഹോത്സവത്തെ വരവേൽക്കാം. ലോകമെമ്പാടുമുള്ള മലയാളികൾക്ക് അങ്ങാടിപത്രത്തിന്റെ പൊന്നോണാശംസകൾ.

എഡിറ്റർ

# ഇവിടെ ഇങ്ങനെ ഒരു കവി ജീവിച്ചിരിക്കുന്നു

**അഞ്ജന വിൻസന്റ്**

*‘സ്നേഹമെന്തെന്നറിയാത്ത*
*ബന്ധവും*
*ബന്ധമെന്തന്നറിയാത്ത*
*ബന്ധുവും*
*ആരാണ് ഞാനെന്നറിയാത്ത*
*ചിന്തയും*
*ഞാനെന്ന ഭാവവും ബന്ധനം*
*തന്നെ.’*

കണ്ണൂർ കൂത്തുപറമ്പിലെ ഒരു പഴയ ജന്മി കുടുംബത്തിൽ ജനനം. എന്നാൽ പിന്നീട് ദാരിദ്രത്തിന്റെ പടുകുഴിയിലേക്ക് കുടുംബം വഴുതി വീണപ്പോൾ വിരുന്നുകാരനായി വന്നത് പട്ടിണിമാത്രം. വിശപ്പിന്റെ ആധിക്യം കൂടിയപ്പോൾ അച്ഛൻ നാടുവിട്ടു. അമ്മയും സഹോദരങ്ങളും പറഞ്ഞുകൊടുത്ത പഴയ കഥകളിലെ കഥാപാത്രങ്ങൾ ആയിരുന്നു ആ ബാലന്റെ കൂട്ടുകാർ. കഥകൾ കേട്ട് വായനയോടും എഴുത്തിനോടും കമ്പം തോന്നിയപ്പോൾ തന്റെ പന്ത്രണ്ടാം വയസ്സിൽ കെ ഡി ചെറിയാൻ മാസ്റ്ററുടെ പ്രേരണയാൽ ‘വിധാനം’, ‘തുടക്കം’ , ‘കാശ്മീരിന്റെ പുത്രി’ എന്നീ നാടകങ്ങൾക്ക് വേണ്ടി ഗാനങ്ങൾ രചിച്ചു. ഈ എഴുത്ത് കേവലം ബാലനിൽ നിന്ന് ഹരീന്ദ്രൻ നരവൂർ എന്ന എഴുത്തുകാരന് പുതുജന്മം നൽകി.

കൗമാരം വിട്ടതോടെ കാലം അവനിൽ ഒരു കവിയെ ദർശിച്ചു. അങ്ങനെ 2019 ൽ ‘കടൽ വിത്ത്’ എന്ന തന്റെ കവിതാസമാഹാരം പ്രസിദ്ധീകരിച്ചു. ജീവിതത്തിലെ നൈരാശ്യവും ജീവിതയാഥാർത്ഥ്യങ്ങളും സ്പുരിക്കുന്നതാണ് ഹരീന്ദ്രൻ നരവൂരിന്റെ കവിതകൾ. ജീവിതത്തെ അതേപടി ആവിഷ്കരിക്കാനും കണ്ണീരുപ്പു കലർന്ന അതിന്റെ പരിസരങ്ങളിൽ നിന്ന് നോവാർന്ന ചില ഏടുകൾ വായനക്കാരിലേക്ക് പകരാനും ശ്രമിക്കുന്ന കവിയാണ് ഇദ്ദേഹം.

‘എന്റെ ഇരുപത്തിയൊന്നാം വയസ്സിൽ ജന്മദേശമായ കൂത്തുപറമ്പ് നിന്ന് എടൂരിലേക്ക് താമസം മാറി. ഉപജീവനത്തിനായി കച്ചവടം തുടങ്ങി. കവിതയും കച്ചവടവും ഒന്നിച്ചു പോകില്ലെന്ന് പറഞ്ഞ സുഹൃത്തുക്കളുടെ വാക്കുകേട്ട് അതുവരെ ഞാൻ എഴുതിയ കവിതകൾ തീയിലേക്ക് എറിയുകയായിരുന്നു.’ ജീവിതത്തിലെ കയ്പ്പ് നിറഞ്ഞ യാഥാർത്ഥ്യം ഇദ്ദേഹം ഓർത്തെടുത്തു. ജീവിത വ്യഥകൾ അത്രമേൽ തളർത്തിയെങ്കിലും മനസ്സാന്നിധ്യത്താൽ പിടിച്ചുനിന്ന കവിയാണ് ഹരീന്ദ്രൻ.

സ്വന്തം മുഖം നോക്കാനായി കണ്ണാടിയിൽ നോക്കിയാൽ നമ്മെയല്ല നമ്മുടെ നിഴൽ മാത്രമാണ് കാണാനാവുക എന്നും, കേൾവിയിലൂടെ കണ്ടെത്തുന്ന പലതും കാഴ്ചയിൽ അകന്നകന്ന് പോകുന്നത് കാണാൻ ആകുമെന്നും തന്റെ വായനക്കാരോട് കവി സംശയലേശമന്യേ പറഞ്ഞു വെക്കുന്നു. ഈ തിരിച്ചറിവാണ് ഹരീന്ദ്രനെ വ്യത്യസ്തനാക്കുന്നതും.

*‘അക്ഷരങ്ങൾ വാക്കുകൾ ആകുന്നു*
*വാക്കുകൾ*
*വരദാനമാകുന്നു*
*വായിക്കുമോർക്കമൃതവും*
*കേൾക്കുവോർക്കത്*
*പാഠവും ’*

ആദ്യ വായനയിൽ നിസ്സാരമെന്ന് തോന്നി എഴുതിത്തള്ളാമെങ്കിലും ‘കടൽ വിത്തുകൾ’ പോലെ മനസ്സാകുന്ന നിറകടലിൽ ആഴങ്ങളിലേക്ക് സഞ്ചരിക്കുന്ന കവി ആസ്വാദക മനസ്സുകളിലേക്ക് അറിവിന്റെ അക്ഷരവിത്തുകൾ എറിയുന്നു. അതിനൊരു ഉദാഹരണമാണ് അദ്ദേഹത്തിന്റെ ഈ വരികൾ. അതുകൊണ്ടുതന്നെയാവാം മലയാളത്തിന്റെ പ്രിയ കവി സുഗതകുമാരി ഇദ്ദേഹത്തിന്റെ ‘കടൽ വിത്ത്’ എന്ന കവിത സമാഹാരത്തിന് അവതാരിക എഴുതിയതും.



*ഹരീന്ദ്രൻ നരവൂർ*

കവി എന്ന വിളിക്ക് കളിയാക്കൽ ചുവ തോന്നിത്തുടങ്ങിയപ്പോൾ തളരാതെ തന്റെ സ്വപ്നങ്ങൾക്ക് പിന്നാലെ യാത്ര ചെയ്യുന്ന ഹരീന്ദ്രൻ കക്കാട് തന്റെ പേരിടാത്ത പുതിയ കവിതാ സമാഹാരത്തിന്റെ പണിപ്പുരയിലാണ്.

കണ്ണൂർ ജില്ലയിൽ കൂത്തുപറമ്പിനടുത്ത് നരവൂരിൽ കട്ടിലോട്ട് തറവാട്ടിൽ കടുങ്ങുന്റെയും ദേവൂട്ടിയുടെയും മകനാണ് ഹരീന്ദ്രൻ കക്കാട്. ഭാര്യ വത്സല; മക്കൾ സുഹാസ്, ആരുഷി.

# ഭീഷണിയായി റോഡിലെ വെള്ളക്കെട്ട്

**ജിസ്ന ഷിഫ**

സ്വകാര്യ വ്യക്തി സ്ഥലം മണ്ണിട്ട് നികത്തിയതിനാൽ വെള്ളക്കെട്ട് രൂപപ്പെട്ട് വാഴക്കുണ്ട് - മുടിയിരിഞ്ഞി റോഡ്. കാൽനട യാത്രക്കാർക്ക് പോലും ബുദ്ധിമുട്ടുണ്ടാക്കുന്ന റോഡിലെ വെള്ളക്കെട്ട് അപകടസാധ്യത വർദ്ധിപ്പിക്കുന്നു.

വാഴക്കുണ്ട് സ്റ്റേഡിയത്തിന് സമീപത്തായാണ് വെള്ളക്കെട്ട് രൂപപ്പെട്ടിട്ടുള്ളത്. സ്വകാര്യ വ്യക്തി തന്റെ സ്ഥലം മണ്ണിട്ട് നികത്തിയപ്പോൾ വെള്ളം ഒഴുകിക്കൊണ്ടിരുന്ന പൈപ്പ് മൂടിപ്പോയതാണ് വെള്ളക്കെട്ടിന് കാരണമായതെന്ന് നാട്ടുകാർ പറഞ്ഞു. നാട്ടുകാരുടെ പരാതിയെത്തുടർന്ന് വാർഡ് മെമ്പറും അയ്യൻകുന്ന് പഞ്ചായത്ത് എ ഇയും സ്ഥലം സന്ദർശിച്ചു.

‘വെള്ളക്കെട്ട് രൂപപ്പെട്ടതിനെക്കുറിച്ച് സ്ഥലമുടമയോട് സംസാരിച്ചിട്ടുണ്ട്. മണ്ണിട്ട് നിരത്തിയ സ്ഥലത്ത് കാന കീറി വെള്ളം പോവാനുള്ള സംവിധാനം ഉണ്ടാക്കിയെടുക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. നാട്ടുകാരുടെ പ്രശ്നം എത്രയും പെട്ടെന്ന് തന്നെ പരിഹരിക്കുന്നതായിരിക്കും’ മുടിയിരിഞ്ഞി വാർഡ് മെമ്പർ ഫിലോമിന മാണി പറഞ്ഞു.



## എല്ലാ വായനക്കാർക്കും അങ്ങാടിപത്രത്തിന്റെ ഹൃദയം നിറഞ്ഞ ഓണാശംസകൾ

# സബ്സിഡി നിർത്തലാക്കി; ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം പ്രതിസന്ധിയിൽ

**ഷഫ്ന ഷെറിൻ അയ്യൂബ്**

പത്തുരൂപ സബ്സിഡി നിർത്തലാക്കിയതോടെ ‘വിശപ്പുരഹിത കേരളം’ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം പ്രതിസന്ധിയിൽ. കോവിഡ് ഭീഷണി ഒഴിഞ്ഞതിനാലാണ് ജനകീയ ഹോട്ടലുകൾക്കുള്ള സബ്സിഡി പിൻവലിക്കുന്നതെന്നാണ് കഴിഞ്ഞ ദിവസം തദ്ദേശവകുപ്പ് പുറത്തിറക്കിയ ഉത്തരവിൽ പറയുന്നത്. പത്തുരൂപ സബ്സിഡി നിർത്തലാക്കിയതോടെ ഊണിന്റെ വില 30 രൂപയാക്കി ഉയർത്തേണ്ടി വന്നു.

2020-21 ലെ സംസ്ഥാന ബജറ്റിലാണ് കേരളത്തിലിനിയാരും പട്ടിണി കിടക്കില്ലെന്ന വാഗ്ദാനവുമായി കുടുംബശ്രീക്ക് കീഴിൽ 1000 ജനകീയ ഹോട്ടലുകൾ പ്രഖ്യാപിച്ചത്. എന്നാൽ, ജനകീയ ഹോട്ടലുകൾ കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ തുടങ്ങിയവയാണെന്നാണ് തദ്ദേശ സ്വയംഭരണവകുപ്പ് ഇപ്പോൾ പറയുന്നത്. സ്വപ്നപദ്ധതിയിൽനിന്നും സർക്കാർ പിന്മാറിയതോടെ ആറായിരത്തോളം കുടുംബശ്രീ പ്രവർത്തകരാണ് പ്രതിസന്ധിയിലായത്.

എട്ടുമാസത്തെ സബ്സിഡി തുകലക്ഷങ്ങൾ കുടിശ്ശികയായി തുടരവേയാണ് സർക്കാരിന്റെ പൊടുന്നനെയുള്ള പിൻമാറ്റം. ഭക്ഷ്യവസ്തുക്കളുടെയും പാചകവാതകത്തിന്റെയും വില കൂടിയതിനെത്തുടർന്ന് പൂട്ടലിന്റെ വക്കിലെത്തിയ ഹോട്ടലുകൾക്ക് ഫലത്തിൽ വില വർദ്ധനകൊണ്ട് ഗുണമില്ല. സബ്സിഡി പിൻവലിച്ചെങ്കിലും വില നിശ്ചയിക്കാനുള്ള അവകാശം ഇപ്പോഴും കുടുംബശ്രീ ജില്ലാ മിഷനു തന്നെയാണ്. ‘കെട്ടിടവാടക, വൈദ്യുതി, വെള്ളം ബില്ലുകൾ തുടർന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയാലും നഷ്ടത്തിൽ നിന്ന് കരകയറാൻ സാധ്യമല്ല’ കുടുംബശ്രീ പ്രവർത്തകർ പറഞ്ഞു.

# ക്വിറ്റ് ഇന്ത്യ, നാഗസാക്കി ദിനങ്ങൾ ആചരിച്ചു

**വി അനന്യ**

അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് യു.പി സ്കൂളിൽ ഓഗസ്റ്റ് 8 ക്വിറ്റ് ഇന്ത്യ ദിനവും ഓഗസ്റ്റ് 9 നാഗസാക്കി ദിനവും ആചരിച്ചു. വിവിധ പരിപാടികളോട് കൂടിയ ദിനാചാരണത്തിൽ സ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു.

ക്വിറ്റ് ഇന്ത്യ ദിനത്തിൽ പ്രത്യേക അസംബ്ലിയിൽ ഹെഡ്മിസ്ട്രസ് ഷൈനി മാത്യു ക്വിറ്റ് ഇന്ത്യ സന്ദേശം നൽകി പരിപാടികൾ ആരംഭിച്ചു. ശേഷം ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം പ്രമേയമാക്കിയുള്ള ‘ഡു ഓർ ഡൈ ’ എന്ന ചെറുനാടകം കുട്ടികൾ അവതരിപ്പിച്ചു. കുട്ടികൾക്ക് വേണ്ടി ക്വിറ്റ് ഇന്ത്യാ ദിന പോസ്റ്റർ രചനാമത്സരവും നടത്തി.

നാഗസാക്കി ദിനത്തോടനുബന്ധിച്ച് സഡാക്കോ കൊക്ക് നിർമാണ മത്സരം നടത്തി. കുട്ടികൾക്ക് നാഗസാക്കി ദിനത്തിന്റെ പ്രാധാന്യം മനസിലാക്കി കൊടുക്കുന്നതിന് സഡാക്കുവിന്റെ കഥ ഉൾപ്പെടുത്തി നാഗസാക്കി സംഭവം വിവരിച്ചുള്ള സന്ദേശം സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനിയായ ഇവാന ട്രീസ തോമസ് നൽകി.

# സൗജന്യ അസ്ഥി സാന്ദ്രത നിർണയ ക്യാമ്പും മരുന്ന് വിതരണവും

അയ്യൻകുന്ന് പഞ്ചായത്തിന്റെയും ഭാരതീയ ചികിത്സാ വകുപ്പിന്റെയും ആയുഷ് ആയുർവേദ ഡിസ്പെൻസറിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ സൗജന്യ അസ്ഥി സാന്ദ്രത നിർണയ ക്യാമ്പും മരുന്ന് വിതരണവും ബുധനാഴ്ച (23/8/2023) അയ്യൻകുന്ന് പഞ്ചായത്ത് ഹാളിൽ വച്ച് നടത്തുന്നു. ക്യാമ്പിന് രജിസ്റ്റർ ചെയ്യാൻ അതാതു വാർഡിലെ മെമ്പർമാരെ സമീപിക്കുക.




For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: ഷഫ്ന ഷെറിൻ അയ്യൂബ് | സബ് എഡിറ്റേഴ്സ്: വി അനന്യ, ജിസ്ന ഷിഫ, അഞ്ജന വിൻസന്റ് | ഫോട്ടോഗ്രാഫേഴ്സ്: ഷഫ്ന ഷെറിൻ അയ്യൂബ് , അഞ്ജന വിൻസന്റ് | ഡിസൈൻ: ഷഫ്ന ഷെറിൻ അയ്യൂബ് , അഞ്ജന വിൻസന്റ്